## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 552 09/06/2015 – ൽ മറുപടിയ്ക്ക്

### ഹൗസിംഗ് ഫിനാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി.എൻ .പ്രതാപൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" ആർ.സെൽവരാജ്<br>" എം.എ. വാഹീദ് | ശ്രീ. കെ.എം.മാണി<br>(ധന-നിയമ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി) |
| എ ഹൗസിംഗ് ഫിനാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ ഉണ്ട്<br>1956 - ലെ കമ്പനീസ് ആക്ട് പ്രകാരം 19/07/2013-ന് സംസ്ഥാനത്ത് പൊതു മേഖലയിൽ, കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചു. |
| ബി പ്രസ്തുത കോർപ്പറേഷൻ രൂപീകരണത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി നാഷണൽ ഹൗസിംഗ് ബാങ്ക് മുതലായ സ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തി സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഭവന നിർമ്മാണ ഏജൻസികൾക്കും വ്യക്തികൾക്കും ന്യായമായ നിരക്കിൽ ഭവന വായ്പ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുള്ളത്. |
| സി പാർപ്പിട വികസനത്തിന് സഹായകമാം വിധം പ്രസ്തുത കോർപ്പറേഷനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>ഡി കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ അറിയിക്കുമോ? | സി യും ഡി യും പാർപ്പിട വികസനത്തിന് സഹായകരമാകും വിധം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഷെൽട്ടർ ഫണ്ട് (അഭയനിധി), സാങ്കേതിക വികസന നിധി (ടെക്നോളജി ഇന്നൊവേഷൻ ഫണ്ട്) എന്നിവയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പൂർണ്ണ-രൂപത്തിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ